പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3055 22.02.2016 - ൽ മറുപടിയ്ക്ക്

## വൃക്ക രോഗികൾക്ക് പെൻഷൻ

ചോദ്യം

ശ്രീ.എ.എ.അസീസ്

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൃക്കരോഗം ബാധിച്ച് ഡയാലിസിസ് ചികിത്സ നടത്തി വരുന്ന രോഗികൾക്ക് പെൻഷൻ നൽകുന്നുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ; | (എ) | ധനസഹായം നൽകുന്നുണ്ട്. ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപെടുന്ന രോഗികൾക്ക് പ്രതിമാസം 1100/- രൂപ ധനസഹായം അനുവദിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പെൻഷൻ ലഭിയ്ക്കുന്നതിനുള്ള അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടത്; പ്രസ്തുത അപേക്ഷാ ഫാറത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | നിശ്ചിത അപേക്ഷ ഫാറം പൂരിപ്പിച്ച് ആവശ്യമായ രേഖകൾ ഉൾപ്പെടെ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ആഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയിൻമേൽ ശിശുവികസന പദ്ധതി ആഫീസർ അന്വേഷണം നടത്തി ശിപാർശ ചെയ്ത് അപേക്ഷ സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകണം. അപേക്ഷ ഫാറത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | പ്രസ്തുത പെൻഷൻ ലഭിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) യും (ഡി) യും | ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപെടുന്ന രോഗികൾക്കാണ് ധനസഹായം അനുവദിക്കുന്നത് 27/04/2012 ലെ സ.ഉ.(കൈ) 112/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഡയാലിസിസിന് വിധേയരാകുന്നവരുള്ള കുടുംബങ്ങളെ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ ഉത്തരവായിട്ടുണ്ട്. ആയതിനാൽ നിലവിൽ സർവ്വീസ് പെൻഷൻ ലഭിക്കുന്ന എ.പി.എൽ വിഭാഗക്കാരെ ബി.പി.എൽ കുടുംബങ്ങളിൽ ഉൾപ്പെടുത്തുന്ന പക്ഷം അവർക്കും ഈ പദ്ധതി ധനസഹായം അനുവദിക്കുന്നതാണ്. |
| (ഡി) | ഡയാലിസിസ് ചികിത്സ വളരെ ചെലവേറിയതിനാൽ സർവ്വീസ് പെൻഷൻ ലഭിക്കുന്നവർക്കും പ്രസ്തുത ക്ഷേമ പെൻഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**